പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 449 — 29-06-2012 - ലെ മറുപടിയ്ക്ക്

## കാർഷികോൽപന്നങ്ങളുടെ സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീമതി കെ. കെ. ലതിക<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിന്നും എന്തെല്ലാം കാർഷിക ഉല്പന്നങ്ങൾ താങ്ങുവിലയ്ക്ക് സംഭരിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും സംഭരണ നടപടികളുടെ പുരോഗതിയും വിശദമാക്കാമോ; സംഭരണലക്ഷ്യവും നേട്ടവും വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക ഉൽപന്നമായ നെല്ല് സംഭരിക്കുന്നത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ്. കേന്ദ്ര സർക്കാരിന്റെ MSP പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണം നടത്തുന്നതിന് നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ വർഷത്തെ നെല്ല് സംഭരണം സർവകാല റെക്കോർഡിലെത്തി നിൽക്കുകയാണ്. 2010-11 വർഷത്തിൽ 3.92 ലക്ഷം ടൺ നെല്ല് സംഭരിച്ച സംസ്ഥാനത്ത് 2011-12 വർഷത്തിൽ ഇതു വരെ 5.58 ലക്ഷം ടൺ നെല്ല് സംഭരിച്ചു കഴിഞ്ഞു. 5.50 ലക്ഷം ടൺ നെല്ല് സംഭരിക്കാനാണ് ഈ വർഷം ലക്ഷ്യമിട്ടിരുന്നത്. കൊപ്ര സംഭരണത്തിനായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 20-06-2012 വരെ കേരഫെഡ് 2012 ടൺ മില്ലിംഗ് കൊപ്രയും, 1.9 ടൺ ഉണ്ട കൊപ്രയും മാർക്കറ്റ് ഫെഡ് 1395 ടൺ കൊപ്രയും സംഭരിച്ചിട്ടുണ്ട്. |
| (ബി) സംഭരണം പരാജയപ്പെടാനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (ബി) സംഭരണം പരാജയപ്പെട്ടിട്ടില്ല |
| (സി) സംഭരണ സംവിധാനത്തിലെ പാളിച്ചകൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ? | (സി) പാളിച്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കൊപ്ര സംഭരണ നടപടികൾ ആരംഭിക്കുന്ന സമയത്ത് സംഘങ്ങൾക്കുണ്ടായ ചില ബുദ്ധിമുട്ടുകൾ സംഭരണത്തിന് കാലതാമസം ഉണ്ടാകുന്നതിനിടയായിട്ടുണ്ട്. ഇക്കാര്യം അവലോകനം ചെയ്യുന്നതിനായി 28-05-12 ൽ ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, തുടർന്ന് സംഭരണം നടത്തുന്ന സംഘങ്ങളെ ഉൾപ്പെടുത്തികൊണ്ട് കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05-06-12 ൽ |

തിരുവനന്തപുരത്തു വച്ചും 08-06-12 ൽ കോഴിക്കോട്ടു വച്ചും മേഖലാ യോഗങ്ങൾ സംഘടിപ്പിക്കുകയും സംഘങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനും സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയുണ്ടായി. ഇതിനു പുറമെ സംഭരിക്കുന്ന സംഘങ്ങൾക്ക് ചാക്കൊന്നിന് നാഫെഡ് നൽകുന്ന 27 രൂപയ്ക്ക് പുറമെ 10 രൂപ സർക്കാർ ഫണ്ടിൽ നിന്നും അധികമായി നൽകുവാൻ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**